**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5396** **21-03-2025 - ൽ മറുപടിയ്ക്ക്**

**മൃഗസംരക്ഷണ വകുപ്പിലെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മൃഗസംരക്ഷണ വകുപ്പിൽ വിവിധ ബഡ്ജറ്റുകളിലായി പ്രഖ്യാപിക്കപ്പെട്ട പുതിയ പദ്ധതികളോ പരിപാടികളോ നടപ്പാക്കാൻ കഴിയാതെ പോയിട്ടുണ്ടോ; വിശദീകരിക്കാമോ; | (എ) | 2024 - 25 സാമ്പത്തിക വർഷം സംസ്ഥാനത്ത് 50 ശതമാനം പദ്ധതി ക്രമീകരണം പ്രാബല്യത്തിൽ വന്നതിനാൽ മൃഗസംരക്ഷണ വകുപ്പിന്റെ പദ്ധതി വിഹിതവും ചുരുക്കേണ്ട സാഹചര്യം ഉണ്ടായി. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വകുപ്പിൽ 2024-25 സാമ്പത്തിക വർഷം പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന സമഗ്ര ഫാം എയ്ഡ് പാക്കേജ് എന്ന പദ്ധതി പദ്ധതി ക്രമീകരണം പ്രാബല്യത്തിൽ വന്നതിനാൽ നടപ്പിലാക്കാൻ സാധിച്ചില്ല.<br><br>മൃഗസംരക്ഷണ വകുപ്പ് വഴി സമഗ്ര ഫാം എയ്ഡ് പാക്കേജ് എന്ന പദ്ധതി 2024 - 25 സാമ്പത്തിക വർഷം ആവിഷ്കരിച്ചിരുന്നു. 10 മുതൽ 20 വരെ കറവയുള്ള പശുക്കളുള്ള ഇടത്തരം ഡയറി ഫാമുകൾക്കാണ് ആനുകൂല്യം ലഭിക്കാൻ അർഹതയുള്ളത്. ഇത്തരത്തിലുള്ള സംസ്ഥാനത്തെ 45 ഫാമുകളെ ആയിരുന്നു ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ ലക്ഷ്യമിട്ടിരുന്നത്. പ്രസ്തുത പദ്ധതിയുടെ കീഴിൽ വെറ്ററിനറി സേവനം, കാലിത്തീറ്റ, ധാതുലവണ മിശ്രിതം എന്നിവയ്ക്ക് സഹായം, തീറ്റപ്പുൽ കൃഷിക്ക് സഹായം, മെക്കനൈസേഷൻ സപ്പോർട്ട് എന്നിങ്ങനെ വിവിധങ്ങളായ സേവനങ്ങൾ ഉൾപ്പെടെ ഒരു ഫാമിന് പരമാവധി ഒരു ലക്ഷം രൂപയുടെ ധനസഹായമാണ് ലഭിക്കുക. 45 ലക്ഷം രൂപയായിരുന്നു പ്രസ്തുത പദ്ധതിക്ക് വകയിരുത്തിയിരുന്നത്. കൂടാതെ സംരംഭകത്വ വികസന സെൽ രൂപീകരിക്കാൻ ലക്ഷ്യമിട്ടിരുന്നെങ്കിലും നടപ്പിലാക്കാൻ കഴിഞ്ഞില്ല. 10ലക്ഷം രൂപയായിരുന്നു പ്രസ്തുത പദ്ധതിക്ക് വകയിരുത്തിയിരുന്നത്. |
| (ബി) | പ്രസ്തുത പദ്ധതികൾ നടപ്പാക്കാൻ കഴിയാത്തതിന്റെ ഫലമായി എത്ര തുക ലാപ്സായിപ്പോയെന്ന് | (ബി) | പദ്ധതി ക്രമീകരണം നിലവിൽ വന്നതിനാൽ മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കാൻ കഴിഞ്ഞില്ല. |

| | | | |
|---|---|---|---|
| | അറിയിക്കാമോ; | | ആയത് പ്രകാരം സമഗ്ര ഫാം എയ്ഡ് പാക്കേജ് പദ്ധതിക്കായി വകയിരുത്തിയിരുന്ന 45 ലക്ഷം രൂപയും സംരംഭകത്വ വികസന സെൽ രൂപീകരിക്കുന്നതിന് 10 ലക്ഷം രൂപയും ചേർത്ത് 55 ലക്ഷം രൂപ വിനിയോഗിയ്ക്കാൻ സാധിയ്ക്കില്ല. |
| (സി) | എന്തെല്ലാം പുതിയ കർമ്മപദ്ധതികളാണ് പ്രസ്തുത വകുപ്പിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) | **1) ഇ സമൃദ്ധ പദ്ധതി :-** മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്ന ഇ-സമൃദ്ധ പദ്ധതിയുടെ ഭാഗമായി പുറത്തിറക്കുന്ന മൊബൈൽ ആപ്ലിക്കേഷൻ വഴി അരുമ മൃഗങ്ങളുടെ ഉടമകൾക്ക് വാക്സിനേഷൻ സർട്ടിഫിക്കറ്റുകൾ ഡൌൺലോഡ് ചെയ്യെടുക്കാം. ഏപ്രിൽ ഒന്ന് മുതൽ സംസ്ഥാനത്തെ എല്ലാ മൃഗാശുപത്രികളിലും ഈ സൗകര്യം ലഭ്യമാകും. കർഷകർക്ക് തങ്ങളുടെ മൃഗങ്ങൾക്ക് ചികിത്സാ സേവനം ലഭ്യമാക്കുന്നതിനായി മൊബൈൽ ആപ്ലിക്കേഷൻ മുഖേന അപ്പോയിന്റ്മെന്റുകൾ മുൻകൂട്ടി ബുക്ക് ചെയ്യുവാൻ സാധിക്കുന്ന സംവിധാനവും തയ്യാറാക്കിയിട്ടുണ്ട്.<br><br>തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്ന് മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി, തൃക്കണ്ണാപുരം വെറ്ററിനറി ഡിസ്പെൻസറി, കഴക്കൂട്ടം വെറ്ററിനറി ഹോസ്പിറ്റൽ എന്നീ സ്ഥാപനങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ പ്രസ്തുത സൗകര്യം ലഭ്യമാണ്. പത്തനംതിട്ട ജില്ലയിലെ എല്ലാ മൃഗാശുപത്രികളിലും ഒരു പൈലറ്റ് പ്രോജക്ടായി ഈ സൗകര്യം നടപ്പിലാക്കുന്നതിനായുള്ള നടപടികൾ പുരോഗമിച്ചുകൊണ്ടിരിയ്ക്കുന്നു.<br><br>**2.MVU :-**<br><br>**28/12/2024-ലെ ജി.ഒ (ആർ.ടി) നം.715/2024/ എ.എച്ച്.ഡി പ്രകാരം പുതിയതായി 47 MVUകളും, 12 MSUകളും വാങ്ങുന്നതിനു അനുമതി നൽകിയിട്ടുണ്ട്. ഇത് പ്രകാരം 59 വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. ഇതിന്റെ രജിസ്ട്രേഷൻ, ഇൻഷുറൻസ് നടപടികൾ നടന്നു വരുന്നു.** |

സെക്ഷൻ ഓഫീസർ